ഹൈക്കോടതിയിലെ WP No.32109/2008 ടിബ്യൂണലിലേക്ക് ട്രാൻസ്ഫർ ചെയ്തത്) -ൽ 13/05/2015 തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 2000-ലെ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) റൂൾസ് ഉത്തരവ് തീയതി മുതൽ 4 മാസത്തിനകം സംസ്ഥാനത്ത് നടപ്പാക്കണമെന്ന് സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ K. N. Namboodiri & Others Vs. State of Kerala & Others എന്ന കേസിൽ 22-8-2003-ൽ പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന സർക്കാർ നോയ്സ് പൊല്യൂഷൻ (റഗുലേഷൻ & കൺട്രോൾ) ചട്ടങ്ങൾ നടപ്പാക്കണമെന്ന് ഉത്തരവിട്ടിരുന്നു. ടി ഉത്തരവിനെ കുറിച്ച് 13-5-2015-ലെ ബഹു. ഹരിത ട്രിബ്യൂണലിന്റെ മേൽ സൂചിപ്പിച്ച ഉത്തരവിലും പരാമർശമുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളും ശബ്ദമലിനീകരണ (ക്രമീകരണവും നിയന്ത്രണവും) ചട്ടങ്ങൾ 2000 പ്രകാരം ഏത് സോണിൽ വരുമെന്ന് Town Planning Department ആണ് വിജ്ഞാപനം ചെയ്യേണ്ടത്. അപ്രകാരം ഓരോ സോണിലും അനുവദനീയമായ ശബ്ദപരിധിയിൽ കൂടുതൽ ശബ്ദം ഉണ്ടാകുവാൻ അനുവദിക്കാത്ത തരത്തിലുള്ള പ്രവർത്തനം മാത്രമേ അനുവദിക്കുകയുള്ളൂ. ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനായി 28-4-2015-ൽ സ.ഉ. (അച്ചടി) 06/15/പരി. നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം കോടതിവിധികൾ കർശനമായി നടപ്പാക്കുന്നതിനും ശബ്ദതീവ്രത അളക്കാനുള്ള ഉപകരണങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കുന്നതിനും ശബ്ദമേഖല നിർണ്ണയിച്ച് ബോർഡുകൾ സ്ഥാപിക്കുന്നതിനും ശബ്ദമലിനീകരണം സംബന്ധിച്ച സമഗ്രമായ മാർഗ്ഗരേഖകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.)

കുറഞ്ഞ ചെലവിൽ വൈദ്യുതി

9 (*339) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. പത്മനാഭൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റ്, തിരമാല, സൂര്യപ്രകാശം തുടങ്ങിയവയിൽ നിന്നും കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പഠനങ്ങൾ വൈദ്യുത ബോർഡ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് പഠനം നടത്തിയത്,ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും എത്രൊക്കെ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാറ്റ്, തിരമാല, സൂര്യപ്രകാശം എന്നിവയിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് ഏതു രീതിയാണെന്നാണ് പഠനത്തിലൂടെ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ യാഥാർത്ഥ്യമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) ഇപ്പോൾ എന്നാൽ സംസ്ഥാനത്ത് കാറ്റിൽ നിന്ന് വൈദ്യുതോല്പാദനത്തിന് വേണ്ട അനുബന്ധ പ്രസരണ ശൃംഖല വികസിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 3-7-2007-ൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും power evacuation-ന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹായം നല്കിയിട്ടില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 2013-ൽ പുറത്തിറക്കിയ Power Procurement from Renewable Sources by Distribution Licensee Regulation പ്രകാരം കാറ്റിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് 575 ലക്ഷം രൂപയും, സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിനുള്ള ചെലവ് 31-3-2015-ലെ Central Electricity Regulatory Commission (CERC) order-ലെ കണക്കുകൾ പ്രകാരം 605.85 ലക്ഷം രൂപയും ആണ്. തിരമാലയിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിനുള്ള പദ്ധതികൾ നിലവിലില്ലാത്തതിനാൽ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് തിരമാലയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നിലവിലില്ല. കാറ്റ്, സൂര്യപ്രകാശം എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ചിട്ടി സെക്യൂരിറ്റി ഇനത്തിൽ പലിശ

10 (*340) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി സെക്യൂരിറ്റി ഇനത്തിൽ പലിശ പിടിക്കാത്തതുമൂലം കെ.എസ്.എഫ്.ഇ.-ക്ക് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

* ചോദ്യമറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly